**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 483** **13-08-2021 - ൽ മറുപടിയ്ക്ക്**

**വനമേഖലയോട് ചേർന്നുള്ള തോട്ടം ഭൂമി ഏറ്റെടുക്കൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ,<br>ശ്രീ കെ യു ജനീഷ് കുമാർ,<br>ശ്രീ. ലിന്റോ ജോസഫ്,<br>ശ്രീ. പി.പി. സുമോദ് | | Shri. A. K. Saseendran<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | വന്യജീവികൾ കൃഷിഭൂമിയിലിറങ്ങി നാശമുണ്ടാക്കുന്നതും വനമേഖലയോട് ചേർന്ന് കിടക്കുന്ന കൃഷിഭൂമിയിലെ മനുഷ്യ സാന്നിദ്ധ്യം വന്യജീവികൾക്ക് ഭീഷണിയാകുന്നതും കണക്കിലെടുത്ത് വനമേഖലയോട് ചേർന്നുള്ള തോട്ടം ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശം ലഭ്യമാക്കാമോ; | (എ) | സ്വീകരിച്ചിട്ടുണ്ട്. വന്യജീവികൾ കൃഷിഭൂമിയിലിറങ്ങി നാശമുണ്ടാക്കുന്നതും വനമേഖലയോട് ചേർന്ന് കിടക്കുന്ന കൃഷിഭൂമിയിലെ മനുഷ്യ സാന്നിദ്ധ്യം വന്യജീവികൾക്ക് ഭീഷണിയാകുന്നതും കണക്കിലെടുത്ത് റീബിൽഡ് കേരള ഡെവലപ്മെൻറ് പ്രോഗ്രാമിൽ ഉൾപ്പെടുത്തി, വനമേഖലയോട് ചേർന്നുള്ള സ്വകാര്യ എസ്റ്റേറ്റുകൾ അർഹമായ നഷ്ടപരിഹാരം നൽകി ഏറ്റെടുത്ത് സ്വാഭാവിക വനങ്ങളായി മാറ്റുന്നതിനുള്ള ഒരു പദ്ധതി രൂപീകരിച്ചിട്ടുണ്ട്. ആദ്യ ഘട്ടത്തിൽ 6 ഡിവിഷനുകളിലായി 13 എസ്റ്റേറ്റുകളാണ് ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്നത്. ഇവയുടെ പ്രാഥമിക പരിശോധന നടത്തി വരുന്നു. |
| (ബി) | സംസ്ഥാനത്ത് കേരള ഫോറസ്റ്റ് ഡെവലപ്മെന്റ് കോർപ്പറേഷൻ വഴി നടത്തുന്ന വാണിജ്യാധിഷ്ഠിത വനവൽക്കരണ പരിപാടികൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ; | (ബി) | കേരള വനവികസന കോർപ്പറേഷന്റെ കീഴിൽ 2025 ഹെക്ടർ യൂക്കാലിപ്റ്റസ്, 1674 ഹെക്ടർ അക്കേഷ്യ ഓറിക്കുലിഫോർമിസ്, 177 ഹെക്ടർ മാഞ്ചിയം, 40 ഹെക്ടർ അക്കേഷ്യ കാർസികാർപ്പ, 48 ഹെക്ടർ കുമ്പിൾ, 9.4 ഹെക്ടർ മഹാഗണി, 1.8 ഹെക്ടർ മട്ടി, 18 ഹെക്ടർ പൈൻ, 1 ഹെക്ടർ അൽനസ്, 63 ഹെക്ടർ ആൽബീസിയ, 18 ഹെക്ടർ ചന്ദനം, 81 ഹെക്ടർ രക്തചന്ദനം, 6 ഹെക്ടർ കാഷ്വറീന, 829 ഹെക്ടർ മുള, 358 ഹെക്ടർ കശുമാവ് എന്നീ തോട്ടങ്ങൾ നിലവിലുണ്ട്. കേന്ദ്ര സർക്കാർ അംഗീകരിച്ചിട്ടുള്ള 2020-21 മുതൽ 2024-25 വരെയുള്ള മാനേജ്മെൻറ് പ്ലാനിന് വിധേയമായി വളർച്ചയെത്തിയ തോട്ടങ്ങൾ വിൽപ്പന നടത്തി മുറിച്ച് മാറ്റി റീ-പ്ലാൻറിംഗ് നടത്തുന്നു. |
| (സി) | തടി ആവശ്യത്തിനുള്ള മരങ്ങളും ഔഷധ സസ്യങ്ങൾ ഉൾപ്പെടെയുള്ള സസ്യങ്ങളും നട്ടുപിടിപ്പിച്ച് വനോൽപ്പന്ന വികസനത്തിനും | (സി) | നാഷണൽ മെഡിസിനൽ പ്ലാൻറ് ബോർഡിന്റെ ഫണ്ട് വിനിയോഗിച്ചു കൊണ്ട് കേരള വനം വകുപ്പ് സംസ്ഥാനത്ത് ഔഷധസസ്യങ്ങൾ |

| | | | |
|---|---|---|---|
| | കാർഷിക വനവൽക്കരണത്തിനുമുള്ള പദ്ധതികളെക്കുറിച്ച് അറിയിക്കാമോ? | | നട്ടുപിടിപ്പിച്ചിട്ടുണ്ട്. ഗ്രീൻ ഇന്ത്യ മിഷൻ പദ്ധതിയുടെ ഭാഗമായി കൃഷിഭൂമിയിൽ വൃക്ഷങ്ങൾ ഇടവിളയായി നട്ട് വളർത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.<br>സാമൂഹ്യവനവത്ക്കരണത്തിന്റെ ഭാഗമായി ഹരിത കേരളം പദ്ധതി മുഖേന വൃക്ഷതൈകൾ വിതരണം ചെയ്തുവരുന്നു. ഇത്തരത്തിൽ വിതരണം ചെയ്യുന്ന തൈകളിൽ തടി ഉപയോഗത്തിനുള്ളതും ഔഷധമൂല്യമുള്ളതുമായ തൈകൾ ഉൾപ്പെടുന്നു. |

സെക്ഷൻ ഓഫീസർ